## 1096

*രീതി: വീണ്ടെടുക്കപ്പെട്ട കൂട്ടമേ*

വീണ്ടെടുപ്പിൻ നാളടുത്തുപോയ് ദൈവജനമേ
ക്ഷീണിക്കാതെ വേല ചെയ്തിടാം
വിണ്ണിൻ നാഥൻ വന്നിടാറായ് ഖിന്നതകൾ തീർന്നിടാറായ്
വീട്ടിലെത്തി വിശ്രമിപ്പാൻ കാലമിതാ സമീപമായ്

1 അത്തിവൃക്ഷം തളിർത്തതിനാൽ വേനലടുത്തു
എന്നു നമ്മളറിയുന്നഹോ! ആർത്തിയോടെ പ്രവർത്തിക്കാം
രാത്രികാലം വരും മുമ്പേ പൂർത്തിയാക്കാം നല്ലപോലെ
നല്ല നാഥൻ വേല നമ്മൾ-

2 ഇന്നു നമ്മൾ മിണ്ടാതിരുന്നാൽ നാഥന്റെ വേല
ഒന്നുപോലും ചെയ്യാതിരുന്നാൽ വന്നു നാഥൻ നമ്മെ ചേർത്തു
പ്രതിഫലം തന്നിടുമ്പോൾ ഒന്നുമില്ല പ്രയോജനം
അന്നിരുന്നു കരഞ്ഞിട്ട്-

3 അന്ധകാരമായ ഭൂവിതിൽ ഈ ലോകജനം ബന്ധിതരും അന്ധരുമല്ലോ
രക്ഷകനാം യേശുവെ നാം സന്തതം വെളിപ്പെടുത്താം
അക്ഷണത്തിലഴിഞ്ഞു പോം ബന്ധനവും അന്ധതയും- A.K.W.